# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.536 29.10.2019 -ൽ മറുപടിയ്ക്ക്

**ഇതര സംസ്ഥാനക്കാർക്ക് ലോട്ടറി സമ്മാനത്തുക**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറിയുടെ ഒന്നാം സമ്മാനത്തിന് അർഹരാകുന്ന ഇതര സംസ്ഥാനക്കാർക്ക് സമ്മാനത്തുക ലഭിക്കുന്നതിന് നിലവിൽ നേരിടേണ്ടിവരുന്ന കാലതാമസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം എല്ലാ രേഖകളോടും കൂടി അപേക്ഷകൾ സമർപ്പിച്ചാലും ആയതിൽ തീരുമാനമെടുക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ലോട്ടറി റൂൾ 9 (3) f പ്രകാരം അന്യ സംസ്ഥാനക്കാർക്ക് സമ്മാനം ലഭിച്ചാൽ സമ്മാന ടിക്കറ്റിനോടൊപ്പം സമർപ്പിക്കുന്ന രേഖകൾ നോട്ടറി അറ്റസ്റ്റ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള ലോട്ടറിയുടെ വിപണനം പൂർണ്ണമായും കേരളത്തിൽ മാത്രമായ സാഹചര്യത്തിലും സമ്മാനടിക്കറ്റ് Money laundering പോലുള്ള നിയമവിരുദ്ധ പ്രവർത്തി കൾക്ക് വിധേയമാകുന്നതായി ശ്രദ്ധയിൽപ്പെട്ട തിനാൽ ആയത് തടയുന്നതിനും വേണ്ടിയാണ് സമ്മാനാർഹർ സമർപ്പിക്കുന്ന രേഖകളിൽ |

| | | | |
|---|---|---|---|
| | | | നോട്ടറി അറ്റസ്റ്റേഷൻ ആവശ്യപ്പെടുന്നതും ക്ലെയിം "മോണിറ്ററിംഗ് കമ്മിറ്റി" യുടെ പരിശോധനക്ക് വിധേയമാക്കുന്നതും. കേരളത്തിൽ ഇപ്പോൾ വിവിധ മേഖലകളിലായി തൊഴിൽ ചെയ്യുന്ന അനേകം അന്യസംസ്ഥാന തൊഴിലാളികൾക്ക് ലോട്ടറി സമ്മാനം ലഭിക്കുന്നുണ്ട്. എന്നാൽ അവർ ഹാജരാക്കുന്ന സമ്മാന ടിക്കറ്റിലെ അഡ്രസ്സ് അവരുടെ സംസ്ഥാനത്തിലേതായിരിക്കും. കേരളത്തിൽ അവർക്ക് നിയമാനുസൃത തിരിച്ചറിയൽ രേഖ ഇല്ലാത്തതിനാൽ ഇത്തരം ക്ലെയിമുകൾ അന്യ സംസ്ഥാന ക്ലെയിമായി പരിഗണിച്ച് ലോട്ടറി റൂൾ 9 (3) f പ്രകാരം നടപടി കൈക്കൊള്ളുന്നതിനാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമ്മാനം നൽകാൻ കാലതാമസം നേരിടുന്നുണ്ട്. |
| (സി) | ഇതര സംസ്ഥാനക്കാരായ വിജയികൾക്ക് സമ്മാനത്തുക വിതരണം ചെയ്യുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; സമ്മാന വിതരണം സമയബന്ധിതമായി നടത്തുന്നതിന് എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | ലോട്ടറി നറുക്കെടുപ്പ് കഴിഞ്ഞാൽ സമ്മാനാർഹമായ ടിക്കറ്റിന് പിന്നിൽ സമ്മാനാർഹന്റെ പേരും ഒപ്പും വിലാസവും രേഖപ്പെടുത്തി ലോട്ടറി റൂൾ 9 (3) പ്രകാരം നേരിട്ടോ ദേശസാൽകൃത ബാങ്ക് മുഖേനയോ തപാലിലോ സമ്മാന ടിക്കറ്റ് ജില്ലാ ഓഫീസ് /ഡയറക്ടറേറ്റിൽ 30 ദിവസത്തിനുള്ളിൽ ഹാജരാക്കാവുന്നതാണ്. ഒരു ലക്ഷം രൂപ വരെ സമ്മാനത്തുക ജില്ലാ ഓഫീസുകളിൽ നിന്നും വാങ്ങാവുന്നതാണ്. സ്വയം സാക്ഷ്യപ്പെടുത്തിയ സമ്മാനാർഹമായ ടിക്കറ്റിന്റെ കോപ്പി, പാൻ കാർഡ് കോപ്പി, തിരിച്ചറിയൽ രേഖ, സ്റ്റാമ്പ് രസീത്, ഗസറ്റഡ് ഓഫീസർ |

| | | | |
|---|---|---|---|
| | | | സാക്ഷ്യപ്പെടുത്തിയ 2 ഫോട്ടോ എന്നിവ സമ്മാനാർഹൻ ടിക്കറ്റിനോടൊപ്പം ഹാജരാക്കണം. സമ്മാനാർഹൻ അന്യസംസ്ഥാനക്കാരനാണെങ്കിൽ ലോട്ടറി റൂൾ 9 (3) f പ്രകാരം മേൽപ്പറഞ്ഞ രേഖകളെല്ലാം നോട്ടറി പബ്ലിക്കിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തണം. കൂടാതെ വകുപ്പിലെ തന്നെ ഉയർന്ന ഉദ്യോഗസ്ഥരുൾപ്പെട്ട "മോണിറ്ററിംഗ് കമ്മിറ്റി" ക്ലെയിം പരിശോധിക്കുകയും ചെയ്യുന്നു.<br><br>അന്യസംസ്ഥാനക്കാരുടെ കേരളത്തിലെ തൊഴിലിനായുള്ള താമസം മുൻനിർത്തി അവർക്ക് സമ്മാനം ലഭിച്ചുകഴിഞ്ഞാൽ വേഗത്തിൽ സമ്മാനം നൽകുന്ന തരത്തിൽ നടപടി ക്രമങ്ങൾ ലളിതമാക്കുന്നതിനുള്ള ശിപാർശകൾ ലോട്ടറി നിയമത്തിനുള്ള ഭേദഗതി കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**